ഉത്തരം

(എ) സർക്കാർതലത്തിൽ വിദേശ മലയാളികളുടെ സമ്പാദ്യം വിനിയോഗിച്ച് ഇത്തരം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. കേരളത്തിലെ ബാങ്കുകൾ നിക്ഷേപമായി സമാഹരിച്ച വിദേശ മലയാളികളുടെ സമ്പാദ്യം ബാങ്കുകൾ പല പദ്ധതികൾക്കായി കടമായി വിതരണം ചെയ്യാറുണ്ട്. വായ്പ അനുപാത നിക്ഷേപത്തിൽ ഈ തുക ഉൾപ്പെടുന്നുണ്ട്.

(ബി-ഡി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 1999 സെപ്റ്റംബർ മാസം 16,805 കോടി രൂപ വിദേശ മലയാളികളുടെ നിക്ഷേപമായി സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ ഉണ്ട്. 1999 മാർച്ച് മാസത്തെ പ്രസ്തുത നിക്ഷേപം 13,329 കോടി രൂപയായിരുന്നു.

നികുതി വെട്ടിപ്പ്

24 (2737) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996, 1997, 1998, 1999 വർഷങ്ങളിൽ വില്പനനികുതി ഉദ്യോഗസ്ഥർ കടകൾ റെയ്ഡ് നടത്തിയത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നികുതി വെട്ടിപ്പുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഒരേ ഉടമയുടെ പേരിൽ ഒന്നിലധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുകയും ഒരു സ്ഥാപനത്തിൽ മാത്രം വില്പനനികുതി അടയ്ക്കുകയും ചെയ്യുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കേസുകളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) റെയിഡുകളുടെ ഫലമായി വില്പന നികുതി ചോർച്ച തടയാനും നികുതിവരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 1996-97-ൽ 1151 കേസുകളും, 1997-98-ൽ 1405 കേസുകളും, 1998-99-ൽ 1916 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ആകെ 4472 കേസുകൾ)

(ബി) നികുതി വെട്ടിപ്പുകൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ 28(3) പ്രകാരം കടപരിശോധനകളും വീടുപരിശോധനകളും നടത്തുന്നു. കൂടാതെ സെക്ഷൻ 45 എ പ്രകാരം പിഴ ഈടാക്കുകയും ചെയ്തു വരുന്നു. രേഖകളില്ലാതെ ചരക്കുകൾ കടത്തുമ്പോൾ സെക്ഷൻ 29 (എ) പ്രകാരം പിഴ ഈടാക്കുകയും 30 (സി) പ്രകാരം വണ്ടിയും ചരക്കുകളും കണ്ടുകെട്ടുകയും ചെയ്തുവരുന്നു. റെയിൽവേ,

LIBRARY ARCHIVES Kerala Legislative Assembly

പാഴ്സൽ ആഫീസുകൾ, കപ്പൽ തുടങ്ങിയവ വഴി നികുതി വെട്ടിച്ചുകൊണ്ടു പോകുന്ന ചരക്കുകൾ പരിശോധിച്ച് നിയമപ്രകാരമുള്ള പിഴ ഈടാക്കിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ട കേസുകളിൽ നിയമാനുസരണം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. റെയിഡുകളുടെ ഫലമായി 1995 മുതൽ 99 വരെയുള്ള കാലയളവിൽ 213.25 കോടിയുടെ നികുതി വെട്ടിപ്പ് കണ്ടെത്തുകയും 3.25 കോടി രൂപ പിഴയിനത്തിൽ വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ കോംപൗണ്ടിംഗ് ഫീ ഇനത്തിലും ഒരു കോടിയോളം രൂപ വസൂലാക്കിയിട്ടുണ്ട്.

കടബാദ്ധ്യത കുറയ്ക്കൽ നടപടി

25 (2738) ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. എൻ. സുപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ഡിസംബർ വരെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയാണ് ;

(ബി) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന കടബാദ്ധ്യത കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) 1999-2000-ലെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടില്ല.

(ബി) കടബാദ്ധ്യത കുറയ്ക്കുന്നതിനുവേണ്ടി നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുക, വിവിധ വകുപ്പുകളിലെ നികുതിയേതര വരുമാനം പുതുക്കി നിശ്ചയിക്കുക, ചെലവ് നിയന്ത്രിക്കുന്നതിനുവേണ്ടി നേരത്തെയുണ്ടായിരുന്ന വ്യയ നിയന്ത്രണ നടപടികൾക്ക് പുറമെ കുറെകൂടി കർശനമായ നടപടികൾ ഏർപ്പെടുത്തുക എന്നിവ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളാണ്.

കരാറുകാർക്ക് കൊടുക്കാനുള്ള തുക

26 (2739) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ല്യു. ഡി. ജലസേചനം തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളിലെ കരാറുകാർക്ക് എത്ര കോടി രൂപയുടെ കുടിശ്ശിക സർക്കാർ കൊടുക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

(ബി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളിൽ ഓരോന്നിലും എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly